"ഭരണഭാഷ-മാതൃഭാഷ
വളരെ അത്യാവശ്യം
സമയ പരിധി-30.06.2014

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഇ7/26977/2014

തൈക്കാട്, തിരുവനന്തപുരം-14,
തീയതി: 06/06/2014.

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-മൈനർ വർക്സ് ശീർഷകത്തിൽ കെട്ടിട നവീകരണത്തിനായി ഫണ്ട് അനുവദിക്കുന്നത്-സംബന്ധിച്ച്.

*****************************

2014-15 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ശീർഷകത്തിലെ ഘടക ശീർഷകമായ മൈനർ വർക്സ് ശീർഷകത്തിൽ **2.5 കോടി** രൂപയ്ക്ക് വിവിധ ഐ.ടി.ഐ കളിലെ കെട്ടിട നവീകരണം, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ വർക്കുകൾക്കും പരാവധി 10 ലക്ഷം ,രൂപ വരെ അനുവദിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിൽ ഒഴിച്ചു കൂടാൻ കഴിയാത്ത മേൽപ്പറഞ്ഞ ഏതെങ്കിലും വർക്കുകൾ ചെയ്തു തീർക്കുവാൻ ഉണ്ടെങ്കിൽ പി.ഡബ്ല്യു.ഡി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, നിർമ്മിതി കേന്ദ്രം തുടങ്ങിയ സർക്കാർ ഏജൻസിയിൽ ഏറ്റവും വേഗം ജോലികൾ പൂർത്തീകരിക്കുമെന്നുറപ്പുള്ള സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് വാങ്ങി അയച്ചു തരേണ്ടതാണ്.

ടി എസ്റ്റിമേറ്റ് അയച്ചു തരുന്ന അവസരത്തിൽ 2010 മുതൽ താങ്കളുടെ സ്ഥാപനത്തിൽ സിവിൽ വർക്സ്, മൈനർ വർക്സ്, മോഡണൈസേഷൻ എന്നീ ശീർഷകങ്ങളിൽ തുക അനുവദിച്ചിരുന്നതു പ്രകാരമുള്ള ജോലികൾ പൂർണ്ണമായും ബന്ധപ്പെട്ട ഏജൻസി ചെയ്തു തീർത്തതിന്റെ "യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്" ഉൾപ്പെടെ താഴെപ്പറയുന്ന മാതൃക ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ പുതിയ ജോലികൾക്ക് വീണ്ടും ബന്ധപ്പെട്ട ഏജൻസികൾക്ക് തുക അനുവദിക്കുകയുള്ളൂ.

നിലവിൽ വിവിധ ഏജൻസികൾ നിരക്കുകൾ പുതുക്കിയിട്ടുള്ളതിനാൽ നേരത്തെ അയച്ചു തന്നിട്ടുള്ള ശുപാർശകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ആയതിനാൽ ടി സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതു പ്രകാരം ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും വാങ്ങി അയച്ചു തരുകയും നിശ്ചിത മാതൃക ഫോറത്തിൽ ആവശ്യമായ മറുപടി കൂടി മുഗണന നിശ്ചയിക്കുന്നതിനായി ***30.06.2014*** ന് മുൻപ് അയച്ചു തരേണ്ടതാണ്. **നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭിക്കാത്ത ശുപാർശകൾ 2014-15 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതല്ല.**

താങ്കളുടെ സ്ഥാപനത്തിൽ സ്ത്രീകൾക്കായി അമിനിറ്റി സെൻറർ നിർമ്മിയ്ക്കുവാൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ടി ജോലികൾ ബന്ധപ്പെട്ട ഏജൻസികൾ പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നുള്ള വിവരം മടക്ക തപാലിൽ അറിയിക്കേണ്ടതാണ്. തുക അനുവദിച്ചിട്ടില്ലായെങ്കിൽ NIL റിപ്പോർട്ട് മടക്ക തപാലിൽ നൽകേണ്ടതാണ്.

താങ്കളുടെ സ്ഥാപനത്തിന് നിലവിൽ സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിലും ഇല്ലായെങ്കിലും വിവരം താഴെപ്പറയുന്ന മാതൃക ഫോറത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർ**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ/
ആർ.ഐ സെൻറർ/ബി.റ്റി.സി

## മാതൃക ഫോറം (2010 മുതലുള്ള വർക്കുകളുടെ വിവരം)

**ഐ.ടി.ഐ യുടെ പേര്:**

**ശീർഷകം:**

| ക്രമ നം. | വർക്കിൻെറ പേര് | തുക അനുവദിച്ച വർഷം | ആകെ തുക | അനുവദിച്ച ഉത്തരവ് നം./തീയതി | എസ്റ്റിമേറ്റ് ലഭിച്ച ഏജൻസിയുടെ പേര് | തുക ഒടുക്കിയ തീയതി/ചെല്ലാൻ നം. | ജോലി എന്ന് പൂർത്തിയാക്കി നൽകാമെന്നാണ് കരാറിൽ രേഖപ്പെടുത്തിയിരുന്നത് | ജോലി പൂർത്തിയാക്കിയ തീയതി | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ പകർപ്പ് | വർക്ക് പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ തുക ഡെപ്പോസിറ്റ് ചെയ്തതിനു ശേഷം വർക്ക് പൂർത്തിയാക്കുവാൻ ഓരോ മാസവും സ്വീകരിച്ച നടപടികളുടെ/കത്തുകളുടെ | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | | | | | | | | |

## മാതൃകാ ഫോറം II

| ക്രമ നം. | ഐ.ടി.ഐ യുടെ പേര് | വകുപ്പിൻെറ പേരിലുള്ള ആകെ സ്ഥലം (ഏക്കറിൽ) | സ്ഥലം ലഭ്യമല്ലായെങ്കിൽ സ്ഥലം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടിയുടെ വിശദ വിവരം | മറ്റു വിശദ വിവരങ്ങൾ |
|---|---|---|---|---|
| | | | | |